"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതി - സംസ്ഥാനതല, നഗരതല സാങ്കേതിക സെല്ലുകളുടെ പ്രവർത്തനത്തിനായി സംസ്ഥാന വിഹിതം 83,39,633/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ.(സാധാ) നം.2294/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/12/2020

---

പരാമർശം:- 1 08.03.2016-ലെ സ.ഉ.(സാധാ) നം.1222/16/തസ്വഭവ നമ്പർ ഉത്തരവ്

2 കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 31.10.2019-ലെ No.N.11015/14/2017-HFA-II SECTION-MHUPA (FTS-9024354) നമ്പർ ഉത്തരവ്

3 07/03/2020 ലെ സ.ഉ.(സാധാ) നം.575/2020/തസ്വഭവ നമ്പർ ഉത്തരവ്

4 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/08/2020 തീയതിയിലെ 10741/എൻ/2016/കെഎസ്എച്ച്ഒ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പി.എം.എ.വൈ (നഗരം)-ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാനതല സാങ്കേതിക സെല്ലുകളുടെ പ്രവർത്തനത്തിനായി മേൽ പരാമർശം 2 ലെ ഉത്തരവ് പ്രകാരം 50,40,000/- രൂപയും നഗരതല സാങ്കേതിക സെല്ലുകളുടെ പ്രവർത്തനത്തിനായി 4,10,40,000/- രൂപയും കേന്ദ്ര വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

2. മേൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സംസ്ഥാന നഗരതല സെല്ലുകളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി സ്വീകരിച്ചിട്ടുള്ള അനുപാതം 75:25 ആണ്.

3. മേൽ പരാമർശം 3 ലെ ഉത്തരവ് പ്രകാരം കേന്ദ്രവിഹിതമായ 2,50,18,900/- രൂപ (സംസ്ഥാന സാങ്കേതിക സെല്ലുകളുടെ പ്രവർത്തനത്തിനായി 18,90,000/- രൂപയും നഗരതല സാങ്കേതിക സെല്ലുകളുടെ പ്രവർത്തനത്തിനായി 2,31,28,900/- രൂപയും) കുടുംബശ്രീയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആനുപാതിക സംസ്ഥാന വിഹിതം നാളിതുവരെ കുടുംബശ്രീയ്ക്ക് ലഭ്യമായിട്ടില്ല എന്നും ആയതിനാൽ സംസ്ഥാന വിഹിതമായ 83,39,633/- രൂപ (സംസ്ഥാന സാങ്കേതിക സെല്ലുകൾക്ക് 6,30,000/- രൂപയും നഗരതല സാങ്കേതിക സെല്ലുകൾക്ക് 77,09,633/- രൂപയും) അനുവദിച്ച് നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 4 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനതല, നഗരതല സാങ്കേതിക സെല്ലുകളുടെ പ്രവർത്തനത്തിനായി ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിശദീകരിച്ചിരിക്കും പ്രകാരം, പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ അർബൻ ഹൗസിംഗ് മിഷന്റെ ICICI ബാങ്ക് A/C No. 033601001669, IFSC: ICIC0000336 (പി.എഫ്.എം.എസ് ലിങ്ക്ഡ് ബാങ്ക്) പഴയ റോഡ് ബ്രാഞ്ച്. മെഡിക്കൽ കോളേജ് എന്ന അക്കൗണ്ടിൽ അനുവദിച്ച് ഉത്തരവാകുന്നു.

*(തുക: രൂപയിൽ)*

| ഹെഡ് ഓഫ് അക്കൗണ്ട് | അനുവദിച്ച ആനുപാതിക സംസ്ഥാന വിഹിതം |
|---|---|
| 2217-05-191-74 കോർപറേഷൻ | 28,05,733 |
| 2217-05-192-72 മുനിസിപ്പാലിറ്റി | 55,33,900 |
| ആകെ | 83,39,633 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**അഡിഷണൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ധനകാര്യ വകുപ്പ് ( No. DEV-2/170/2020-FIN (1597906) തീയതി 16/11/2020 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.11 16:40:55 IST
Reason: Approved